**വ്യക്തിപരമായ വിശദീകരണം**

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേരളത്തിലെ വളരെ മുതിർന്നൊരു രാഷ്ട്രീയ നേതാവാണ്. നമ്മുടെ മുഖ്യമന്ത്രിയായിരുന്നു. ഈ സഭയുടെ പ്രതിപക്ഷ നേതാവുമാണ്. ആ അർത്ഥത്തിൽ എനിക്ക് അദ്ദേഹത്തോട് എല്ലാ ബഹുമാനവുമുണ്ട്. പക്ഷേ എനിക്കെതിരെ നിരന്തരമായി അധിക്ഷേപങ്ങൾ പറയുക എന്നത് അദ്ദേഹത്തിന്റെ പതിവായി മാറിയിരിക്കുകയാണ്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ മകനുമെതിരെ ഞാൻ ഈ നിയമസഭയിൽ ഒരു ആരോപണം ഉന്നയിച്ചിരുന്നു. ആ ആരോപണം പിൻവലിച്ചില്ലെങ്കിൽ അദ്ദേഹം മുന്നോട്ടുപോകുമെന്നൊക്കെ പറഞ്ഞിരുന്നു. ഞാൻ ആരോപണത്തിൽ ഉറച്ചുനിന്നു. അങ്ങേയ്ക്ക് മുൻപുണ്ടായിരുന്ന സ്പീക്കർ ജി. കാർത്തികേയൻ ശ്രീ. വി. ഡി. സതീശൻ ചെയർമാനായ ഒരു നിയമസഭാ കമ്മിറ്റിയെവച്ച് ഞാൻ ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിച്ചു. അദ്ദേഹത്തിന്റെ അയോഗ്യനായ മകനെ പല സ്ഥാനങ്ങളിൽ ഇരുത്തിയതിനെ സംബന്ധിച്ച് ഉത്തരവാദിത്വത്തോടുകൂടി ആ നിയമസഭാ കമ്മിറ്റി മുമ്പാകെ ഞാൻ തെളിവുകൊടുത്തു. ഞാൻ ഉന്നയിച്ച ആരോപണങ്ങൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലടക്കം കണ്ടെത്തിയിട്ടുണ്ട്. നിയമസഭാ സമിതിയുടെ റിപ്പോർട്ട് ഈ

നിയമസഭയിലുണ്ട്. വൈരനിര്യാതന ബുദ്ധിയുള്ള ആളാണ് അദ്ദേഹം. അദ്ദേഹത്തിനും മകനുമെതിരായി ഞാൻ നടത്തുന്ന നിരന്തര പോരാട്ടം കാരണം സി.പി.ഐ.(എം.)-ൽ അദ്ദേഹം ചെയ്യുന്നതുപോലെ, അദ്ദേഹത്തിന്റെ മകനേക്കാൾ പ്രായം കുറഞ്ഞ എനിക്കെതിരെ വൈരനിര്യാതന ബുദ്ധിയോടുകൂടി, ഭയപ്പെടുത്തി എന്നെ നിശബ്ദനാക്കാനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയ്തിട്ടുള്ളത്. സോളാർ സംബന്ധിച്ച് എനിക്കെതിരെ ആരോപണം വന്നപ്പോൾ ഞാൻ പത്രസമ്മേളനം നടത്തി ഇവിടെയുള്ള മാധ്യമങ്ങളോട് പറഞ്ഞതാണ്. എന്റെ ഓഫീസിൽ സോളാർ സംബന്ധിച്ച് ഒരു പദ്ധതി ജനുവിനാണ് എന്നുധരിപ്പിച്ചു വന്നപ്പോൾ ഒരു എം.എൽ.എ. എന്ന നിലയിൽ ഒരു പ്രൊപ്പോസൽ ഞാൻ കൊടുത്തു. ആ പദ്ധതി ജനുവിൻ അല്ലെന്ന് ബോധ്യപ്പെട്ടപ്പോൾ ആ പ്രൊപ്പോസൽ ഞാൻ ക്യാൻസൽ ചെയ്തു. സോളാർ കമ്മീഷന് മുൻപാകെ ഞാൻ ഈ വിശദീകരണം കൊടുത്തിട്ടുള്ളതാണ്. ഇതിനുമുൻപ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞാൻ ഐ.ടി. ഡിപ്പാർട്ടുമെന്റിൽ അഴിമതി നടത്തിയെന്ന് ആരോപിച്ചു. പിന്നീടെന്തെങ്കിലും പറഞ്ഞോ; അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് ഉന്നയിക്കുന്ന രൂപത്തിലുള്ള അധിക്ഷേപമല്ല അങ്ങയുടെ മകനെതിരെ ഞാൻ പറഞ്ഞത്; ആരോപണങ്ങൾ അന്തസ്സായി

തെളിവുസഹിതം ഉന്നയിക്കുകയാണ് ഞാൻ ചെയ്തത്. അത് ഈ നിയമസഭ അംഗീകരിച്ച് കണ്ടെത്തിയതാണ്. അങ്ങനെ ചെയ്യുന്നതിനുപകരം അങ്ങ് പാർട്ടിയിൽ ചെയ്യുന്നതുപോലെ, വൈരനിര്യാതന ബുദ്ധിയുപയോഗിച്ച് എന്നെപ്പോലുള്ളൊരാളെ നിശബ്ദനാക്കാമെന്ന് വിചാരിച്ചാൽ ഞാൻ നിശബ്ദനാകില്ല.. നിശബ്ദനാകില്ല.. നിശബ്ദനാകില്ല.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സോളാർ കേസുമായി ബന്ധപ്പെട്ട് നിരവധി സന്ദർഭങ്ങളിൽ എന്റെ പേര് വലിച്ചിഴച്ചതിന്റെയും ഇന്ന് നിയമസഭയിൽ എന്റെ പേര് പരാമർശിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ഞാൻ ഒരു വിശദീകരണം തരുന്നത്. കോട്ടയം സി.എം.എസ്. കോളേജിലും എറണാകുളം പോലീസ് കമ്മീഷണറുടെ ഓഫീസിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി ഞാൻ സഹായം നൽകിയെന്നും അതിനുവേണ്ടി കമ്മീഷൻ കൈപ്പറ്റിയെന്നുമുള്ള ഗുരുതരമായ അഴിമതിയാരോപണം കഴിഞ്ഞ ദിവസം ശ്രീ. ബിജു രാധാകൃഷ്ണൻ എനിക്കെതിരെ ഉന്നയിക്കുകയുണ്ടായി. ഞാൻ ഇന്ന് മാധ്യമങ്ങളിലും ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. നിയമപരമായി പോകാനും തയ്യാറാണ്. സി.എം.എസ്. കോളേജിലോ പോലീസ് കമ്മീഷണറുടെ ഓഫീസിലോ ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള തെളിവുകൾ എനിക്കെതിരെ സ്ഥാപിക്കാൻ പ്രതിപക്ഷത്തിനോ ഇതിന്റെ

അധികൃതർക്കോ സോളാർ കമ്മീഷനോ കഴിയുകയാണെങ്കിൽ തീർച്ചയായും ഞാൻ പൊതുപ്രവർത്തന രംഗത്തുനിന്നും പിൻമാറാൻ തയ്യാറാണ്. അതുപോലെതന്നെ നിരവധിയായിട്ടുള്ള മറ്റ് ആരോപണങ്ങൾ ഉന്നയിക്കുന്ന പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത് ഞാൻ സോളാർ കമ്മീഷന് മുമ്പാകെ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെന്റാണ്. സോളാർ പാനൽ, അല്ലെങ്കിൽ സോളാറുമായി ബന്ധപ്പെട്ട കമ്പനി ഫ്രാഞ്ചൈസി നൽകാമെന്ന് പറഞ്ഞ് തട്ടിപ്പിനിരയാക്കിയ ഒരുപറ്റം ആളുകൾ പാലക്കാട് നിന്ന് വന്നപ്പോൾ അവരെ സഹായിക്കാൻവേണ്ടി എടുത്തൊരു നിലപാടാണ് എന്റെ പേര് ഇതിലേയ്ക്ക് വലിച്ചിഴയ്ക്കാൻ കാരണം. സോളാർ കമ്മീഷന് ഞാൻ അതുമായി ബന്ധപ്പെട്ടിട്ടുള്ള രേഖകൾ നൽകിയിട്ടുണ്ട്. അതല്ലാതെ എന്നെ ഈ കേസുമായി ബന്ധപ്പെടുത്താൻ ഏതെങ്കിലും തരത്തിൽ തയ്യാറാണോ; അതിന് ഞാൻ വെല്ലുവിളിക്കുകയാണ്. അതുപോലെതന്നെ DYFI പോലുള്ള ഒരു പ്രസ്ഥാനം എനിക്കെതിരെ എറണാകുളത്ത് പോസ്റ്റർ സ്ഥാപിച്ചപ്പോൾ അതിനെതിരെ ഞാൻ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ശക്തമായി ഉറച്ചുനിൽക്കുന്നു. അതുമായി ബന്ധപ്പെട്ട സ്റ്റേറ്റുമെന്റും ഞാൻ കോടതിയിൽ കൊടുത്തിട്ടുണ്ട്. അതിന് സമൻസും അയച്ചിട്ടുണ്ട്. അതിലും ഞാൻ ശക്തമായി ഉറച്ചുനിൽക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, റൂൾ 288 അനുസരിച്ചുള്ള personal explanation ആണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഞാൻ പണം വാങ്ങിയെന്ന് ആരോപിച്ചിരുന്നു. ഞാനത് നിഷേധിക്കുന്നു. റൂൾ 285 അനുസരിച്ച് 'No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply.' ഇതനുസരിച്ച് നോട്ടീസ് തരാതെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നെക്കുറിച്ച് പരാമർശിച്ചത്. ഞാൻ പണം വാങ്ങിയെന്ന് പറഞ്ഞത് ഡിഫമേറ്ററിയാണ്. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം. ഒരുകാര്യം കൂടി ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കുകയാണ്. ഞാൻ പണം വാങ്ങിയെന്ന് അദ്ദേഹം സ്ഥാപിക്കുകയാണെങ്കിൽ ഞാനെന്റെ രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. സോളാർ കേസിൽ ഞാൻ കൈക്കൂലി വാങ്ങിയെന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ MNRE-യുടെ എംപാനൽമെന്റിൽ അവരെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞാണ് അവർ എന്റെയടുത്ത് വന്നത്. ഇത് അവരുടെ സ്റ്റേറ്റ്മെന്റിലും പറഞ്ഞിട്ടുണ്ട്. ഞാൻ അത്

ചെയ്തിട്ടില്ല. എന്നുമാത്രമല്ല ഒരു കരാറും അല്ലെങ്കിൽ യാതൊരുവിധ ട്രാൻസാക്ഷനും ഈ പറയുന്ന ടീം സോളാറുമായി എന്റെ വകുപ്പിൽനിന്ന് നടത്തിയിട്ടില്ല. അതാണ് വസ്തുത. മുഖ്യമന്ത്രിയുടെ അലിഗേഷനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. 600 കോടിയുടെ പ്രോജക്ട്, അത് എന്റെയടുത്താണ് വരേണ്ടത്. എന്നോട് മുഖ്യമന്ത്രി ഒരു വാക്ക് അതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അങ്ങനെയൊരു പ്രോജക്ട് എന്റെ മുൻപിൽ വന്നിട്ടില്ല. അങ്ങനെയൊരു പ്രോജക്ട് അനെർട്ടിന്റെ മുൻപിലും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ പണം വാങ്ങിയെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത് റൂൾ 307 അനുസരിച്ച് രേഖയിൽനിന്ന് നീക്കം ചെയ്യണം. അത് എക്സ്പഞ്ച് ചെയ്യണം. I want a ruling. റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം.

മി. സ്പീക്കർ: റൂളിംഗ് നൽകാം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ ഇ. പി. ജയരാജൻ ഇവിടെ അടിയന്തരപ്രമേയം ഉന്നയിച്ചപ്പോൾ എന്റെ പേര് പരാമർശിച്ചിട്ടില്ലെങ്കിലും ശ്രീ. ബിജു രാധാകൃഷ്ണൻ നൽകിയ മൊഴിയുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം പത്രമാദ്ധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇന്നലെത്തന്നെ ഈ സഭയിൽ സംസാരിക്കുവാൻ ആഗ്രഹിച്ചതാണ്. പക്ഷേ ഇപ്പോൾ പ്രതിപക്ഷനേതാവു

കൂടി എന്റെ പേര് പരാമർശിച്ച സാഹചര്യത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഞാൻ മലപ്പുറത്തെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന് പൊതുപ്രവർത്തന രംഗത്തുവന്നയാളാണ്. വണ്ടൂരിലെ ജനങ്ങൾ എനിക്കു നൽകിയ, അവിടുത്തെ വോട്ടർമാർ എനിക്കു നൽകിയ വിശ്വാസത്തിന്റേയും, സ്നേഹത്തിന്റേയും പുറത്താണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. ഒരു പൊതുപ്രവർത്തകന്റെ ഏറ്റവും നിർഭാഗ്യകരമായ അവസ്ഥ എന്നു പറയുന്നത് സമൂഹത്തിൽ ഒരു വിശ്വാസ്യതയുമില്ലാത്ത ഒരു കൊലപാതകക്കേസിലെ പ്രതിയുടെ ആരോപണങ്ങൾക്ക് നിയമസഭയിൽ നിന്ന് മറുപടി പറയേണ്ടിവരുന്നതാണ്. ഈ അവസ്ഥ ഏറ്റവും ഖേദകരമാണ്. ഇന്ന് ഞാൻ ഒറ്റക്കാര്യം മാത്രമാണ് സൂചിപ്പിക്കുന്നത്. മുമ്പും ഇതേകാര്യം ഈ സഭയിൽത്തന്നെ സൂചിപ്പിച്ചതാണ്, ഈ ഒരു ആക്ഷേപവും പറഞ്ഞതാണ്. അന്ന് പറഞ്ഞത് രണ്ടാഴ്ചകൊണ്ട് ഇവിടെ വ്യക്തമായ തെളിവുകൾ ഹാജരാക്കുമെന്നാണ്. രണ്ടാഴ്ചകഴിഞ്ഞ്, രണ്ടു വർഷം കഴിഞ്ഞു, ഒരു തെളിവും ഹാജരാക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് ഒരു കാര്യം കേൾക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പ്രതിപക്ഷനേതാവ് രണ്ടു വർഷം മുമ്പ് നടത്തിയ ഒരു പ്രസ്താവന, എന്നെ ഏറ്റവും കൂടുതൽ വേദനിപ്പിച്ച ഒരു പ്രസ്താവന അന്ന് അദ്ദേഹം പറഞ്ഞു.

ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ വന്ന മന്ത്രിമാരെ രണ്ടാഴ്ചയ്ക്കകം ദൃശ്യങ്ങൾ പുറത്തു വരുന്നതിനു മുമ്പ് മുഖ്യമന്ത്രി പുറത്താക്കണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മന്ത്രിമാരെ പുറത്താക്കണമെന്ന് പറഞ്ഞ് രണ്ടുവർഷങ്ങൾ കഴിഞ്ഞു, ഇതുവരെ ഒരു തെളിവും ഹാജരാക്കുവാൻ ഒരാൾക്കും കഴിഞ്ഞിട്ടില്ല. അന്ന് പ്രതിപക്ഷനേതാവ് നടത്തിയ പ്രസ്താവനയുടെ പേരിൽ ഞങ്ങളൊക്കെ അനുഭവിച്ച പ്രയാസങ്ങൾ, ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ അനുഭവിച്ച പ്രയാസങ്ങൾ വളരെ വലുതാണ്. ഇവിടെ ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ വരുമ്പോൾ അതൊക്കെ ഏറ്റുപിടിച്ച് പ്രതിപക്ഷനേതാവിനെപ്പോലെയുള്ളവർ പറയുമ്പോൾ സമൂഹത്തിൽ അതുണ്ടാക്കുന്ന ചിന്ത, ഞങ്ങളെപ്പോലെയുള്ളവർക്കെതിരെയുണ്ടാകുന്ന തെറ്റിദ്ധാരണ വളരെ വലുതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രസ്താവനകൾ വരുമ്പോൾ അതേറ്റെടുത്ത് പറയുന്നതിന് പകരം, ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് അന്വേഷിക്കുവാൻ തയ്യാറാകണം. ഞാൻ ഓർക്കുന്നു രണ്ട് വർഷം മുൻപ് സി.പി.ഐ.(എം) ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ പറഞ്ഞത് എന്തെങ്കിലും തെളിവുണ്ടെങ്കിൽ അത് ഹാജരാക്കട്ടെ, അതിനുശേഷം പ്രതികരിക്കാം എന്നാണ്. ഞാൻ പറയട്ടെ, എന്തെങ്കിലും തെളിവിന്റെ ഒരു കണിക പോലും ഇതുവരെ

ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയെന്തെങ്കിലും ഒന്ന് ഈ സഭയിൽ ഹാജരാക്കുവാൻ അല്ലെങ്കിൽ മാധ്യമങ്ങൾക്കു കൊടുക്കുവാൻ തയ്യാറാണെങ്കിൽ പൊതുസമൂഹം പറയുന്ന ഏത് കാര്യമായാലും അതേറ്റെടുക്കാൻ ഞാൻ തയ്യാറാണ്. അതോടൊപ്പം, ഇത്തരം വാർത്തകൾ വരുമ്പോൾ മാധ്യമങ്ങൾ അതിൽ എന്തെങ്കിലും വാസ്തവമുണ്ടോയെന്ന് പരിശോധിച്ചിട്ട് ചർച്ച ചെയ്യണം. എനിക്കൊരു അഭ്യർത്ഥനയുള്ളത്, ചർച്ച നടത്തിക്കഴിഞ്ഞാലും അത്തരം ചർച്ച നടത്തിയ കാര്യങ്ങൾ പിന്നെ എന്തായി എന്ന് വിലയിരുത്താൻ തയ്യാറാകണം. ചർച്ചകൾ നടത്തുന്നു, കുറ്റവിചാരണ നടത്തുന്നു, ക്രൂശിക്കുന്നു, അതിന്റെ പേരിൽ ആക്ഷേപങ്ങൾ കേൾക്കുന്നു, ഒന്നോ രണ്ടോ ആഴ്ച കഴിഞ്ഞാൽ അത് തീരുന്നു. പിന്നീട് ഈ ആരോപണങ്ങൾക്ക് എന്ത് സംഭവിച്ചുവെന്ന് മാധ്യമങ്ങൾ ആലോചിക്കണം, അതൊന്ന് പരിശോധിക്കണം, അവർ ഉയർത്തിയ ഇത്തരം ആരോപണങ്ങൾ നിലനിൽക്കുന്നതാണോ എന്ന് പരിശോധിക്കണം. അല്ലായെങ്കിൽ മാധ്യമങ്ങളുടെ ക്രെഡിബിലിറ്റിയാണ് പോകുക. ഞാൻ ആരേയും കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല, ഇത് വളരെ വളരെ വേദനയുണ്ടാക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ആക്ഷേപം ഒരിക്കൽക്കൂടി പ്രതിപക്ഷ നേതാവ് ഉന്നയിച്ചതുകൊണ്ടു തന്നെ പറയട്ടേ, എന്തെങ്കിലും തെളിവിന്റെ ഒരു കണിക ഹാജരാക്കാൻ കഴിഞ്ഞാൽ

ഞാൻ പൊതു സമൂഹം പറയുന്ന, പ്രതിപക്ഷം പറയുന്ന എന്തും ഏറ്റെടുക്കാൻ തയ്യാറാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എല്ലാം നഷേധിക്കുന്നു.